16 മെയ് 2010

# ഉയിർപ്പിനുശേഷം ആറാം ഞായർ

## യോഹന്നാൻ 16:5-11

ഫാ. മാത്യു പി. ഫ്രാൻസിസ്

പരിശുദ്ധാത്മാവിന്റെ വരവിനായി പ്രതീക്ഷയോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നകാത്തിരിപ്പുകാലത്തിലാണല്ലോ നമ്മൾ. കർത്താവ് ഈ ലോകത്തിലുള്ള പ്രവർത്തനങ്ങൾക്ക് ശേഷം പിതാവിന്റെ പക്കലേക്ക് യാത്രയായപ്പോൾ ഈ ലോകത്തെ അനാഥമാക്കിയല്ല പോയത്. പിന്നെയോ? ഈ ലോകത്തിലുള്ള സകലർക്കും ഒരു നിത്യസഹായകനെ അവിടുന്ന് വാഗ്ദാനം ചെയ്തു. അപ്രകാരം ഒരുനാളും ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല എന്നുള്ള വാഗ്ദാനം അവിടുന്ന് നിറവേറ്റുകയും ചെയ്തു. ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിലൂടെയാണ് ലോകത്തിൽ ഇന്ന് സഭ തന്റെ ദൗത്യം പൂർത്തീകരിക്കുന്നത്. ഇന്നത്തെ സുവിശേഷത്തിൽ യേശു തന്റെ പിതാവിന്റെ അടുക്കലേക്ക് മടങ്ങിപ്പോകുന്നതിനെക്കുറിച്ചും തന്റെ സഹായകന്റെ വരവിനെക്കുറിച്ചുമാണ് യേശു സൂചിപ്പിക്കുന്നത്.

കർത്താവ് പിതാവിന്റെ സന്നിധിയിലേക്ക് യാത്രയാകുമ്പോൾ ശിഷ്യൻമാർക്ക് ദുഖമുണ്ടാകും. എന്നാൽ കർത്താവിനറിയാം തന്റെ യാത്ര ശിഷ്യ സമൂഹത്തിന്റെ നന്മയ്ക്കായിട്ടാണെന്ന്. കാരണം, ഈ ലോകത്തിൽ സ്വർഗ്ഗീയ പിതാവ് ഏൽപ്പിച്ച ദൗത്യം പൂർണ്ണമായും ക്രിസ്തു നിറവേറ്റിക്കഴിഞ്ഞു. തുടർന്നുള്ള പ്രവർത്തി പരിശുദ്ധാത്മാവിന്റേതാണ്. ഇതുവരെ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ എല്ലാ സത്യങ്ങളുടെയും പൂർണ്ണത ശിഷ്യർ മനസ്സിലാക്കുവാൻ പോകുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. ഈ പരിശുദ്ധാത്മാവ് ശിഷ്യരെ അഗ്രാഹ്യമായ കാര്യങ്ങൾ പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യും. ക്രിസ്തു രഹസ്യങ്ങൾ ഇന്നു ലോകത്തിനു വെളിച്ചപ്പെടുത്തുന്നതും പരിശുദ്ധാത്മാവാണ്.

കർത്താവിന്റെ തിരോധാനം അല്പസമയത്തേക്ക് ശിഷ്യരിൽ ദുഖമുളവാക്കി പലർക്കും പ്രത്യാശ നഷ്ടപ്പെട്ട് പഴയ തൊഴിലിലേക്ക് പോയി. എന്നാൽ പരിശുദ്ധാത്മാവ് വന്നപ്പോൾ ചി തറി പോയവരെല്ലാം ഒന്നാവുകയും എല്ലാവരുടെയും ദുഖം സന്തോഷമാവുകയും ചെയ്തു. ക്രിസ്തു തന്റെ വേർപാടിനെക്കുറിച്ച് പറഞ്ഞപ്പോൾ ശിഷ്യർക്ക് ദുഃഖമുണ്ടായി, ക്രിസ്തു അവരോട് താൻ എന്തിനാണ് പിതാവിങ്കലേക്ക് പോകുന്നതെന്ന് അവരെ അറിയിച്ചെങ്കിലും അവർക്കത് മനസ്സിലായില്ല. ഈ ലോകത്തിൽ നന്മ ചെയ്തു ക്രിസ്തു ഇവിടെനിന്നും യാത്രയായതും കൂടുതൽ നൻമയ്ക്കുവേണ്ടിയായിരുന്നു. ക്രിസ്തുവിന്റെ മടങ്ങിപ്പോക്ക് ഒരാവശ്യമായിരുന്നു. കാരണം, എന്നാൽ മാത്രമേ സഹായകന് വരുവാനും പ്രവർത്തിക്കുവാനും കഴിയുകയുള്ളു. യേശുപിതാവിന്റെ അടുത്തേക്ക് യാത്രയാകുമ്പോൾ ക്രിസ്തു തന്നെയാണ് തന്റെ സഹായകനെ അയക്കുന്നത്. ക്രിസ്തു തുടങ്ങിവച്ചതും നിർവ്വഹിച്ചതുമായ എല്ലാകാര്യങ്ങളും ഇനി ലോകത്തിൽ തുടർന്ന് പോകുന്നത്, സഹായകനായ പരിശുദ്ധാത്മാവാണ്.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും മൂന്നാണ്.

1. പാപത്തെക്കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്തുക.

2. ന്യായവിധിയെക്കുറിച്ച് താക്കീത് നൽകുക.

3. നീതിയെക്കുറിച്ച് ഓർമ്മിപ്പിക്കുക.

ഈ ത്രിവിധ ദൗത്യങ്ങളിലൂടെ പരിശുദ്ധാത്മാവ് നമ്മെ ക്രിസ്തുവിൽ സജീവമാക്കും. ക്രിസ്തു

നമ്മെ പാപത്തിൽ നിന്ന് തന്റെ തിരുരക്തത്താൽ, മോചിപ്പിച്ചു ദൈവരാജ്യത്തിന്റെ നീതിയെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്തി. ഓരോരുത്തരുടെയും പ്രവർത്തിക്കു തക്കപ്രതിഫലം ലഭിക്കുന്ന രണ്ടാം വരവുണ്ടാകുമെന്നും ന്യായവിധി ഉണ്ടാകുമെന്നും ക്രിസ്തു പഠിപ്പിച്ചിട്ടുണ്ട്. എങ്കിലും ക്രിസ്തുവിന് ശേഷം പരിശുദ്ധാത്മാവ് ഈ ദൗത്യം ലോകത്തിൽ തുടരും. ഈ മൂന്ന് അടിസ്ഥാന ചിന്തകളാണ് രക്ഷയ്ക്ക് നിദാനമായിട്ടുള്ളതും. തൻമൂലം പരിശുദ്ധാത്മാവിന്റെ ദൗത്യം നമ്മെ വീണ്ടെടുത്ത് ക്രിസ്തുവിനുള്ളവരാക്കിതീർക്കുക എന്നുള്ളതാണ്.

ക്രിസ്തുവിന്റെ ആഗമനം മുഴുവൻ പാപത്തിൽ നിന്നും നാം പിൻതിരിയണം എന്നുള്ളതായിരുന്നു. മനുഷ്യകുലം ഇതു കേൾക്കാൻ കൂട്ടാക്കത്തതിനാൽ പാപമില്ലാത്ത കർത്താവ് നമുക്കായി പാപിയെപ്പോലെ മരിച്ചു. എന്നിട്ടും മനുഷ്യകുലം വീണ്ടും പാപവഴിയെ നീങ്ങുന്നു. തൻമൂലം പരിശുദ്ധാത്മാവ് ഇനിമുതൽ പാപത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. ലോകത്തിലുള്ള എല്ലാ തിന്മകൾക്കുമടിസ്ഥാനം പാപബോധമില്ലായ്മയാണ്. ക്രിസ്തുവിലുള്ള വിശ്വാസം നഷ്ടപ്പെടുമ്പോഴാണ് പാപം നമ്മിൽ വന്നു നിറയുന്നത്. പരിശുദ്ധാത്മ ശക്തി നമ്മിൽ നിറഞ്ഞാൽ പാപവാസനകൾ അഗ്നിക്കിരയാക്കപ്പെടും. തൻമൂലം ഈ ലോകത്തെ നവീകരിക്കുവാനും വിശുദ്ധീകരിക്കുവാനുമാണ് അവിടുന്ന് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തത്.

രണ്ടാമതായി, ക്രിസ്തു നമ്മെ നീതിബോധമുള്ളവരാക്കി, എന്നാൽ ക്രിസ്തുവിനെ ഇനിമേൽ ലോകം നഗ്നനേത്രങ്ങൾക്കൊണ്ട് ദർശിക്കാത്തതിനാൽ നമ്മെ നീധിബോധമുള്ളവരായി നിലനിർത്താൻ അവിടുന്ന് സഹായവാഗ്ദാനം ചെയ്തു. പരിശുദ്ധാത്മാവിന്റെ വരവോടെ മനുഷ്യന് പുതിയ ഒരു നീതിബോധം ലഭ്യമാകും. ലോകത്തിൽ അധർമ്മം വാഴുന്നത് നീതിബോധം മനുഷ്യരിൽ നിന്നും നഷ്ടമാകുന്നതു കൊണ്ടാണ്. പരിശുദ്ധാത്മ നിറവുള്ളവർ ഒരോരുത്തർക്കും അർഹമായത് നൽകുവാൻ തയ്യാറാകും. മറ്റൊരാൾ നമ്മോടു എന്ത് പ്രവർത്തിച്ചു എന്നതല്ല ക്രൈസ്തവന്റെ പ്രവർത്തികൾക്കടിസ്ഥാനം. പിന്നെയോ, മറ്റുള്ളവർ നിങ്ങൾക്ക് എന്തു ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അത് നിങ്ങൾ ആദ്യം അവർക്ക് ചെയ്യണം, ഇതാണ് ക്രൈസ്തവ നീതി. പരി. ശുദ്ധാത്മാവിന്റെ ശക്തികൊണ്ടു മാത്രമേ നമുക്ക് നിസ്വാർത്ഥതയോടെ പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. വി.ബസ്സേലിയോസ് പറയുന്നു, നിങ്ങളുടെ മേൽനോട്ടത്തിനേൽപ്പിച്ചിരിക്കുന്നത് സ്വന്തമാക്കുന്നു എങ്കിൽ നിങ്ങൾ അത്യാഗ്രഹികളല്ലേ? കവർച്ചക്കാരല്ലേ? നിങ്ങൾ സംഭരിച്ചുവെച്ചിരിക്കുന്ന ധാന്യം വിശക്കുന്നവരുടേതാണ്. പെട്ടിയിൽ വെച്ചിരിക്കുന്ന ഉടുപ്പ് നഗ്നരുടേതാണ്. മണ്ണിൽ കുഴിച്ചിട്ടിരിക്കുന്ന വെള്ളി അവശരുടേതാണ്. നീതിബോധമുള്ളവർക്കു മാത്രമേ അപരന്റെ നോവുകൾ മനസ്സിലാകൂ.

മൂന്നാമതായി, പരിശുദ്ധാത്മാവ് ന്യായവിധിയെക്കുറിച്ച് നമ്മെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. കർത്താവിന്റെ രണ്ടാം വരവുണ്ടാകും. അപ്പോൾ ഓരോരുത്തുടേയും പ്രവർത്തികൾക്കനുസരിച്ച് പ്രതിഫലമുണ്ടാകും. ഈ ചിന്ത നമ്മെ നവീകരിച്ചുകൊണ്ടിരിക്കും. നമ്മുടെ അവസാനത്തെക്കുറിച്ചുള്ള ബോധം അനുതാപത്തിലേക്ക് നമ്മെ നയിക്കും. നാം അവിടുത്തെ വരവിനായി പ്രതീക്ഷയോടെ കാത്തിരുന്ന് പ്രാർത്ഥിക്കുന്നവരാണ്. നമുക്കെന്തുമാത്രം ഒരുക്കമുണ്ടെന്ന് ചിന്തിച്ചു നോക്കാം. ബുദ്ധിയുള്ള കന്യകമാരെപ്പോലെ നമ്മുടെ വിളക്കുകളിൽ എണ്ണ കരുതുവാൻ സഹായകനായ പരിശുദ്ധാത്മാവ് നമ്മെ ഒരുക്കും. പന്തക്കൂസ്താക്കാലത്തിലേക്ക് നാം പ്രവേശിക്കാനൊരുങ്ങുമ്പോൾ അവിടുത്തെ ആത്മാവിന്റെ നിറവിനായി പ്രാർത്ഥിക്കാം. കാരണം അവിടുന്ന് അത് ദാനമായി നൽകുന്നു. മകൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്ന് ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ അധികമായി പരി.ശുദ്ധാത്മാവിനെ നൽകുകയില്ലേ (മത്തായി 7:11). പ്രാർത്ഥനയോടെ പന്തക്കൂസ്താ കാലത്തിലേയ്ക്ക് നമുക്ക് പ്രവേശിക്കാം.